# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

**VOLUME - 6** **Reg NO.TNBIL/2016/70171** **ISSUE - 3**

**MARCH - 2022 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333** **This No. is for SMS Purpose only**




കർത്താവിൽ പ്രിയരെ,

ജീവിക്കുന്ന യേശു ക്രിസ്തുവിന്റെ ധന്യ നാമത്തിൽ എന്റെ സ്നേഹവന്ദനം.

ഈ നാളുകളിൽ എല്ലാ സഭകളിലും നോമ്പു ധ്യാനങ്ങൾ നടത്തുന്നത് പതിവാണ്. നമ്മെ ശോധന ചെയ്യുന്നത് ഈ നാളുകളിൽ നല്ലതെന്ന് സഭകൾ പഠിപ്പിക്കുന്നു. ഇത് സഭകളുടെ ചിട്ടയാണ്.

പക്ഷേ, യഥാർത്ഥ ക്രിസ്ത്യാനികൾ ഓരോ ദിവസവും രാവിലെയും രാത്രിയിലും നമ്മെ സ്വയം പരിശോധന ചെയ്യുന്നതാ ആവശ്യമാണ്. പകൽ സമയങ്ങളിൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെയും, പാടുകളെയും, നമുക്കുവേണ്ടി ചിന്തിയ രക്തത്തെയും, ഇപ്പോഴും നമുക്കുവേണ്ടി ജീവിക്കുന്നു എന്നുള്ള പ്രധാന വിഷയങ്ങളും ചിന്തിച്ചു സ്തുതിക്കുന്നത് നമുക്ക് നല്ലതാണ്. അതുവഴി, നാം ദൈവത്തിന് നന്ദിയുള്ളവരായി ജീവിക്കുന്നത് നല്ലതാണ്.

വെറും നാമമാത്ര ക്രിസ്ത്യാനികളായി ധ്യാനിക്കാതെ യഥാർത്ഥ ക്രിസ്ത്യാനികളായി സാക്ഷ്യത്തോടുകൂടി ജീവിക്കുന്നതാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ**

# MARCH- 2022

# കഴിഞ്ഞ രണ്ടു വർഷങ്ങൾക്കു ശേഷം ഞാൻ ആദ്യമായി പ്രസംഗിച്ച യോഗം

രണ്ടു വർഷങ്ങളായി ഞാൻ യോഗങ്ങൾ ഒന്നും ഇല്ലാതെ വീടിനുള്ളിൽ തന്നെ ഇരിക്കേണ്ടി വന്നത് മനസ്സിൽ വളരെയധികം ഭാരം ഉണ്ടാക്കി. ഞാൻ 1964–വർഷം രക്ഷിക്കപ്പെട്ട്, റേഡിയോ മുഖേനയും കൺവെൻഷൻ യോഗങ്ങളിൽ പ്രസംഗിച്ചും, ടി.വി പ്രോഗ്രാമുകളിൽ പ്രസംഗിച്ചും വന്ന എനിക്ക് കൊറോണ കാരണത്താൽ വീട്ടിൽ തന്നെ അടച്ചുമൂടി കിടക്കേണ്ടി വന്നു. സഭകൾ അടക്കപ്പെട്ടു. ഇന്ത്യയിലും വിദേശങ്ങളിലും കൺവെൻഷൺ യോഗങ്ങൾ നടത്തുവാൻ സാധിച്ചില്ല.

മാസിക മുഖേനയും ആദിവാസികളുടെ ഇടയിൽ സുവിശേഷം അറിക്കുന്നതും ദൈവം എന്നെ ഏൽപ്പിച്ച വേലയാകുന്നു. അതോടൊപ്പം പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ച്, പ്രസംഗതാലന്തു നൽകി, സഭാ ജനങ്ങളെ വചനാടിസ്ഥാനത്തിൽ ജീവിക്കാൻ നൽകുന്ന ഉപദേശങ്ങളും നൽകുവാൻ കഴിയാതെ പോയി. അത് എന്റെ മനസ്സിന് വളരെയധികം വേദനയും സങ്കടവും ഉണ്ടാക്കി. ഇനി എവിടെയും കൺവെൻഷനുകളില്ല, എല്ലാം ഓൺലൈനിലും സൂമിലും യോഗങ്ങൾ നടത്തുവാൻ തുടങ്ങി. 2020 –വർഷം മലേഷ്യ യോഗങ്ങളിൽ ശുശ്രുഷ നടത്തി ഇന്ത്യയിൽ മടങ്ങി വന്ന ശേഷം, കൊറോണ രോഗത്തിന്റെ ആദ്യതരംഗത്തിൽ അകപ്പെട്ട് ആശുപത്രിയിലായി. എന്റെ ജീവിതത്തിന്റെ അവസാന അദ്ധ്യായം എത്തി എന്ന് എനിക്ക് തോന്നി. മരണത്തിനും, ദൈവപുത്രനെ കാണുവാനും ഞാൻ ഒരുങ്ങി. 18 –ാമത്തെ ദിവസം ദൈവം എനിക്ക് സൗഖ്യം നൽകി. ദൈവം എനിക്ക് ജീവിക്കുവാനും ദൈവീകശുശ്രൂഷ ചെയ്യുവാനും വേണ്ടി എന്റെ ആയുസ്സിനെ നീട്ടി തന്നു. കർത്താവിനു സ്തോത്രം. അത് കഴിഞ്ഞു ചില മാസങ്ങൾ, മാസികയ്ക്കു വേണ്ടി സന്ദേശങ്ങൾ ഒരുക്കുന്നതിന് വേണ്ടിയും,

കത്തുകൾ മുഖേനയും ഫോൺ മുഖേനയും വിശ്വാസികൾക്ക് ഉപദേശങ്ങൾ നൽകിയും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആനക്കട്ടി ആശുപത്രിയിലെ ഓപ്പറേഷൻ തിയറ്റർ, ചെറുതും, പ്രധാനഉപകരണങ്ങൾ ഇല്ലാത്തതിനാൽ വലിയ ഓപ്പറേഷനുകൾ നടത്തുവാൻ കഴിയാത്തതുമായ സാഹചര്യങ്ങൾ ഉണ്ടായിരുന്നു. ഈ അവസരത്തിലാണ് ഡോ. മുരളിധർ അവർകൾ കൊറോണ ബാധിതനാവുകയും വലിയ ഓക്സിജൻ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തെ ആംബുലൻസിൽ കയറ്റി, ഒട്ടൻഛത്രത്തിൽ നിന്നും അദ്ദേഹത്തോടൊപ്പം രണ്ടു ഡോക്ടർമാരും ആംബുലൻസിൽ കയറി, രാത്രി മുഴുവനും കോയമ്പത്തൂരിലുള്ള എല്ലാ ആശുപത്രികളിലും പോയി ഒരു അഡ്മിഷനുവേണ്ടി ശ്രമിച്ചു. കോയമ്പത്തൂരിലുള്ള എല്ലാ ആശുപത്രികളിലും ഉള്ള ഡോക്ടർമാർക്ക് ഡോ. മുരളിധർ അവർകളെ പരിചയമുണ്ടായിരുന്നു. ഡോ. മുരളിധർ പേരുകേട്ട ഒരു കാർഡിയോളജിസ്റ്റ് ആയിരുന്നു. എന്നിട്ടും ഒരു ആശുപത്രികളിലും ഒരു കിടക്ക ലഭിക്കാത്തവണ്ണം കൊറോണ ബാധിതരാൽ നിറയപ്പെട്ടിരുന്നു. ഒടുവിൽ KMC ഹോസ്പിറ്റലിൽ അഡ്മിഷൻ ലഭിച്ചു. ഏറെ നാളുകൾ ICU വിൽ കിടക്കേണ്ടി വന്നു. ഒടുവിൽ അല്പം രോഗശമനം ലഭിച്ചപ്പോൾ അദ്ദേഹത്തെ ആനക്കട്ടി ആശുപത്രിയിലേക്കു തന്നെ മടക്കികൊണ്ടുവന്നു. ഏകദേശം രണ്ടു മാസങ്ങൾ കഴിഞ്ഞ ശേഷമാണ് ഡോ. മുരളീധർ അവർകൾക്ക് പൂർണ്ണ സൗഖ്യം കിട്ടിയത്. അദ്ദേഹത്തിന്റെ ഭാര്യ ഏലിയമ്മക്കും കൊറോണ ബാധിക്കപ്പെടുകയും തുടർന്ന് സൗഖ്യമാവുകയും ചെയ്തു.

ഈ വിവരങ്ങൾ ഞാൻ ജമാക്കാരനിൽ എഴുതി അറിയിക്കുകയും ആനക്കട്ടി ആശുപത്രി മാസികയിൽ കൂടി വിശ്വാസികളെ അറിയിക്കുകയുമുണ്ടായി. ഈ വിഷയങ്ങൾ മാസിക മുഖേന അറിഞ്ഞ വിശ്വാസികളിൽ നാലുപേർ വൻ സാമ്പത്തിക സഹായം നൽകി സഹായിച്ചു. ഈ തുക ഉപയോഗിച്ച് ആശുപത്രിയുടെ പ്രധാന ആവശ്യമായിരുന്ന ഓപ്പറേഷൻ തിയേറ്ററും ICU വും നവീകരിച്ചു. ഇതിൽ ഓപ്പറേഷൻ തിയറ്റർ മാത്രം ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി നവീകരിക്കാൻ കോടികൾ തന്നെ വേണമായിരുന്നു. ഈ സൗകര്യങ്ങൾ എല്ലാം ഒരുക്കിയാൽ പിന്നെ ആർക്കും

വിദഗ്ധ ചികിത്സകൾക്കായി വെല്ലൂർ CMC ആശുപത്രിയിലേക്കോ, കോയമ്പത്തൂരിലെ ആശുപത്രികളിലേക്കോ കൊണ്ട് പോകാതെ എല്ലാ ചികിത്സകളും ആനക്കട്ടി ആശുപത്രിയിൽ തന്നെ നടത്തുവാൻ കഴിയുമായിരുന്നു. അതിലേക്കു വേണ്ടി വരുന്ന മൊത്തം ചിലവ് എത്രയെന്ന് ഞാൻ മാസികയിൽ പ്രസിദ്ധികരിച്ചിരുന്നില്ല. പക്ഷെ ദൈവത്തിന്റെ വലിയ



കൃപയിൽ രണ്ടാഴ്ചകൊണ്ട് അതിനു ആവശ്യമായ തുക എത്തിച്ചേർന്നു. സഹായിച്ചവരിൽ ഒരാൾ തിരുനെൽവേലിയിലുള്ള ഒരു സഹോദരൻ ആയിരുന്നു. ഈ സഹോദരന്റെ ഭാര്യ ക്യാൻസർ ബാധിച്ച് മരണാസന്നയായിരുന്നു. ആ സഹോദരി മരിക്കുന്നതിന് മുൻപ് തന്റെ സ്വർണ്ണാഭരണങ്ങളെല്ലാം വിറ്റ് ആ തുക ആനക്കട്ടി ആശുപത്രിക്ക് സംഭാവന ചെയ്യുവാൻ ആ സഹോദരനോട് അറിയിച്ചു. അവർക്ക് മക്കളൊന്നും ഇല്ലായിരുന്നു. സഹായിച്ച മറ്റൊരു വ്യക്തി, തമിഴ്നാട്ടിലെ കുംഭകോണം സ്വദേശിയായ ഒരു ബേക്കറി നടത്തിപ്പുകാരനായ സഹോദരനാണ്. അദ്ദേഹം ഒരു ഹൃദ്രോഗിയായിരുന്നു. തനിക്കു ഓപ്പറേഷന് വേണ്ടി രണ്ടു പ്രാവശ്യം വെല്ലൂർ CMC ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. രണ്ടു പ്രാവശ്യവും ഓപ്പറേഷൻ വേണ്ട എന്ന് പറഞ്ഞു തിരിച്ചയച്ചു. അദ്ദേഹം ആശുപത്രിയിൽ അഡ്മിറ്റായിരുന്നപ്പോൾ എടുത്ത ഒരു തീരുമാനമായിരുന്നു ഒരു ഓപ്പറേഷൻ തിയറ്റർ ഒരുക്കുവാൻ വേണ്ട തുക എന്റെ അദ്ധ്വാനത്തിൽ നിന്നും നൽകും എന്നുള്ളത്. അങ്ങനെ അദ്ദേഹവും നല്ലൊരു തുക ആനക്കട്ടി ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ നവീകരിക്കുന്നതിനുവേണ്ടി സംഭാവന ചെയ്തു. സഹായിച്ചവരിൽ മറ്റൊന്ന് ഒരു സംഘടനയായിരുന്നു. ഇന്ത്യയിൽ നിന്നും അമേരിക്കയിൽ പോയി തൊഴിൽ ചെയ്യുന്ന ഒരു സംഘം ഡോക്ടർമാരുടെ കൂട്ടായ്മ ആയിരുന്നു. ആ സംഘടനയുടെ പേര്, Helping Hands For Hospitals എന്നാണ് . അതിന് നേതൃത്വം കൊടുക്കുന്നത്, ഡോ.ബെഞ്ചമിൻ

അവർകളാണ്. ഈ സംഘടനയിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായങ്ങളും കൂടി ചേർത്തതാണ് എല്ലാ നവീന ഉപഹരണങ്ങളും സൗകര്യങ്ങളോടും കൂടി ആനക്കട്ടി ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്ററും ICU–ഉം നവീകരിച്ചത്.

ഇതിൽ അതിശയം എന്തെന്നാൽ, ഇവ നവീകരിക്കുവാൻ എത്ര തുക ആവശ്യം ആയിരുന്നുവോ, അത്രയും തുക മാത്രമാണ് സംഭാവനയായി ലഭിച്ചത്. അതിൽ, ഓപ്പറേഷൻ ടേബിളും ലൈറ്റും കോയമ്പത്തൂരിലുള്ള മറ്റു ഒരു ആശുപത്രികളിലും ലഭ്യമല്ലാത്ത നവീന ഉപകരണങ്ങളാണ്. മറ്റൊരതിശയം എന്തെന്നാൽ, ആശുപത്രി നവീകരണത്തിന് വേണ്ടി, ഞാനോ ഡോ. മുരളിധർ അവർകളോ സാമ്പത്തിക സഹായം തേടി ഒരു വ്യക്തിയെയോ സംഘടനകളെയോ ആരെയും സമീപിച്ചിട്ടുമില്ല. എന്നാൽ, രണ്ടു കുടുംബങ്ങളെയും ഒരു ഡോക്ടർമാരുടെ സംഘടനയെയും ദൈവീക കൃപയാൽ പ്രേരിപ്പിക്കപ്പെട്ട്, അവരാൽ ഇത്രയും വലിയൊരു തുക ലഭിക്കുക വഴി ഇതെല്ലം ചെയ്യുവാൻ ദൈവം ഇടവരുത്തി. ഇതെല്ലം രണ്ടു മാസം കൊണ്ട് പൂർത്തിയാക്കിയതാണ്.

ഈ വൻതുക നൽകി സഹായിച്ച വ്യക്തികൾക്കും കുടുംബത്തിനും സംഘടനക്കും നന്ദി അർപ്പിക്കുവാൻ, അതിനു നേതൃത്വം നൽകിയ എന്നെയും, ഡോ. മുരളീധർ അവർകളെയും ഈ ഭൂമിയിൽ ശേഷിപ്പിച്ച ദൈവത്തിന് നന്ദിയും സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഒരു പ്രത്യേക സ്തോത്ര യോഗം സംഘടിപ്പിക്കണം എന്ന് ഡോ. മുരളീധർ ഫോൺ മുഖേന എന്നെ അറിയിച്ചു. ഈ യോഗത്തിൽ, സഹായിച്ച കുടുംബങ്ങളെയും സംഘടനയിലെ എല്ലാ വ്യക്തികളെയും നേരിട്ട് ക്ഷണിച്ച് പങ്കെടുപ്പിക്കണമെന്നും ഡോക്ടർ തന്നെ മുഖ്യ പ്രഭാഷണം നടത്തണമെന്നും ഡോ. മുരളീധർ അവർകൾ ആവശ്യപ്പെട്ടു.

ഈ ആവശ്യം, എന്നിൽ, കഴിഞ്ഞ രണ്ടു വർഷങ്ങളായി വീടിനു പുറത്തിറങ്ങാതെ, ഒരു യോഗത്തിലും പങ്കെടുക്കാതെയിരുന്ന എനിക്ക്, അത്രയും നേരം നിൽക്കുവാൻ കഴിയുമോ എന്ന ആശങ്ക ഉണ്ടാക്കി. അതുമാത്രമല്ല കൊറോണ ബാധിക്കപ്പെട്ടിട്ടും രണ്ടു വാക്സിനുകളും

എടുക്കാത്ത എനിക്ക് അതിൽ പങ്കെടുക്കുവാൻ കഴിയുമോ സർക്കാർ എന്നെ അതിന് അനുവദിക്കുമോ എന്നുള്ള ആശങ്കയും ഉണ്ടായി. എന്റെ ഈ ആശങ്ക ഞാൻ ഡോ. മുരളീധർ അവർകളുമായി പങ്കുവച്ചു.

അതിന് ഡോ. മുരളീധർ അവർകളുടെ മറുപടി, ട്രൈബൽ മിഷന്റെ സ്ഥാപകനും ആനക്കട്ടി മിഷൻ ആശുപത്രിയുടെ സ്ഥാപകരിൽ ഒരാളുമായ താങ്കൾ തന്നെയാണ് ഈ യോഗത്തിൽ പങ്കെടുക്കേണ്ടതിനു ഏറ്റവും യോഗ്യൻ. താങ്കളുടെ സന്നിദ്ധ്യം ഈ യോഗത്തെയും പങ്കെടുക്കുന്ന എല്ലാവരേയും അഭിമാനപുളകിതരാക്കും എന്നാണ്. ഈ യോഗത്തിൽ പങ്കെടുക്കുന്നതിന് വേണ്ടി ഞങ്ങളുടെ മിഷൻ വാഹനം അയച്ച് താങ്കളെ കൊണ്ടുവരികയും ചെയ്യാം എന്ന് പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചു.



അങ്ങനെ 2022 ഫെബ്രുവരി 26 ശനിയാഴ്ച രാത്രിയിൽ സംഘടിപ്പിച്ച സ്തോത്ര യോഗത്തിൽ പങ്കെടുക്കുകയും 40 മിനിറ്റോളം സമയം നിന്ന് കൊണ്ട് പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് ഈ കുടുംബങ്ങളോടും ഈ സംഘടനയിലെ എല്ലാ അംഗങ്ങളോടുമൊപ്പം അവരുടെ സഹായത്താൽ നവീകരിച്ച ഓപ്പറേഷൻ തീയറ്ററിനെ ദൈവനാമത്തിൽ പ്രതിഷ്ഠിക്കുകും ചെയ്തു. അതിനു ശേഷം ഒരുക്കപ്പെട്ടിരുന്ന സ്നേഹ വിരുന്നിൽ അതിഥികൾക്കൊപ്പം ഞങ്ങളും പങ്കു ചേർന്നു. അന്നത്തെ സ്തോത്രയോഗത്തിനും തുടർന്നുള്ള സ്നേഹവിരുന്നിന്റേറും ചെലവുകൾ എല്ലാം കർണ്ണാടകയിലെ ഡോ.ആനന്ദ് MS വഹിക്കുകയുണ്ടായി. അടുത്ത ദിവസം രാവിലെ നടത്തപ്പെട്ട ഞായ്യർ ആരാധനയിൽ ഒന്നര മണിക്കൂർ



നിന്നുകൊണ്ട് തന്നെ ഞാൻ ദൈവീക സന്ദേശം നൽകി. ഈ 82–ാം വയസ്സിലും വലിയവനായ ദൈവം, എനിക്ക് പഴയ ബലവും ഓർമ്മയും ഊർജ്ജ സ്വാലതയും നൽകിയതിൽ ഞാൻ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നു. ഡോ.മുരളീധർ അവർകൾ, കൊറോണ ബാധിതനായ ശേഷം ഇതുവരെയും സ്വന്ത ഭവനത്തിൽ മടങ്ങി പോകാതെ ആശുപത്രിയിൽ തന്നെ തന്റെ മുറിയെ ഓഫീസാക്കി ഇന്നും തന്റെ പ്രവർത്തനങ്ങളെ തുടർന്നുകൊണ്ടിരിക്കുന്നു. ഈ ആശുപത്രിയുടെ സാരഥ്യം ഏറ്റെടുത്ത നാൾ മുതൽ ഒരു ശില്പി തന്റെ പ്രതിമയെ ചെത്തി മിനുക്കി മനുഷ്യ ഹൃദയങ്ങളെ ആകർഷിക്കുന്നത് പോലെ ഓരോ ദിവസവും രാപ്പകൽ ഇല്ലാതെ അധ്വാനിച്ച് ഈ മിഷൻ ആശുപത്രിയെ ഏറ്റവും ഉന്നതമായ നിലവാരത്തിലേക്ക് കൊണ്ട് വന്ന ഡോ.മുരളിധർ അവർകളെ തുടർന്നും ദീർഘായുസ് നൽകി വലിയവനായ ദൈവം നടത്തട്ടെയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. കൂടാതെ ഡോ. മുരളീധർ ആനക്കട്ടിയിൽ സ്ഥാപിച്ച വൃദ്ധ സാധനവും, ആദിവാസി കുടുംബങ്ങളുടെ പഠനത്തിനായി ആരംഭിച്ച മെട്രിക്കുലേഷൻ സ്കൂളും അശരണരായ ഒരുപാടുപേർക്ക് പ്രയോജനപ്പെടുവാനും ഡോ.മുരളീധറിന്റെ നേതൃത്വത്തിൽ ആദിവാസികൾക്കു വേണ്ടി നടത്തപ്പെടുന്ന സൗജന്യ ഓപ്പറേഷനുകളും സൗജന്യ ചികിത്സകളും തുടർന്ന് എല്ലാ ആദിവാസികൾക്കും ലഭ്യമാക്കുവാനും ദൈവം കൃപ ചെയ്യുമാറാകട്ടെ. ഈ മിഷൻ ആശുപത്രിയിൽ ഡോ. മുരളിതരോടൊപ്പം പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളിലും ഉള്ള എല്ലാ സഹപ്രവർത്തക്കുവേണ്ടിയും അവർ ചെയ്യുന്ന എല്ലാ സേവനങ്ങൾക്കും നമുക്ക് പ്രാർത്ഥിക്കാം. ഒപ്പം ഡോ.മുരളീധർ അവർകളുടെ പൂർണ്ണ സൗഖ്യത്തിനായും ആരോഗ്യം വീണ്ടെടുക്കുന്നതിന് വേണ്ടിയും നമുക്ക് ആത്മാർത്ഥമായി ദൈവത്തോട് പ്രാർത്ഥിക്കാം.

ആനക്കട്ടിയിലെ മിഷൻ ആശുപത്രിയുടെയോ, ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ ആർക്കെങ്കിലും എന്തെങ്കിലും അറിയണം എന്നുണ്ടെങ്കിൽ താഴെ കാണുന്ന വിലാസത്തിൽ

ഡോ. മുരളീധർ അവർകളുമായി ബന്ധപ്പെടുക.

# ചോദ്യം : ഉത്തരം

**ചോദ്യം :-** ക്രിസ്തു വിശ്വാസികൾ ജന്മദിനം ആഘോഷിക്കാമോ?

**ഉത്തരം :-** ചെറിയ കുഞ്ഞുങ്ങൾ ജന്മദിനം ആഘോഷിക്കുന്നതിൽ തെറ്റില്ല. കുഞ്ഞുങ്ങൾക്ക് ജന്മദിന ആഘോഷത്തിന്റെ കാരണം പറഞ്ഞു കൊടുക്കണം. ദൈവം നമുക്ക് ഓരോ വർഷവും ജീവിക്കാൻ ആയുസ്സിനെ നീട്ടി കൊടുക്കുന്നതിനു വേണ്ടിയും നല്ല മാതാപിതാക്കൾക്കു വേണ്ടിയും, ഇങ്ങനെയുള്ള ഓരോ കാര്യങ്ങളെയും പറഞ്ഞ് ഇതൊക്കെയും ദൈവം നമുക്ക് നൽകുന്ന ദാനമാണ് എന്ന് ബോധ്യപ്പെടുത്തി ദൈവത്തെ സ്തുതിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. ചെറിയ കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കുവാൻ വേണ്ടി സായിപ്പന്മാർ ചെയുന്നതുപോലെ കേക്കും മുറിച്ച് സ്വീറ്റുസ് കൊടുത്ത് ആഘോഷിക്കുന്നതിൽ തെറ്റില്ല. ഇങ്ങനെയുള്ള ആഘോഷം ഒരു പ്രത്യേക വയസ്സുവരെ അവരോടൊപ്പം സന്തോഷിച്ച് നിങ്ങൾക്കും ദൈവത്തെ സ്തുതിക്കാം. വർഷങ്ങൾ കൂടുന്തോറും ഇങ്ങനെ പരസ്യമായി ആഘോഷിക്കുന്നത് ക്രമേണ കുറക്കുന്നത് നല്ലതാണ്. അതിന്റെ ശേഷം ജന്മനാൾ അവരവർ തങ്ങളെ തന്നെ ദൈവ കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. ഇങ്ങനെ ചെയ്തില്ലെങ്കിൽ ഓരോ വർഷവും ജന്മനാൽ ആഘോഷിക്കുന്നതും ജന്മനാളിന് സമ്മാനങ്ങൾ ലഭിക്കുന്നതും കുഞ്ഞുങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കും. ഓരോ വർഷവും കുഞ്ഞുങ്ങൾ പ്രതീക്ഷിക്കുന്ന സമ്മാനങ്ങൾ ലഭിക്കാതെ പോയാൽ

അവർ മാനസികമായി തളർന്നു പോകും. അതിനാൽ ചില പ്രതികരണങ്ങൾ ഉണ്ടാകും. അതുകൊണ്ടു കുഞ്ഞുനാൾ മുതൽക്കേ ജന്മദിനങ്ങളിൽ ദൈവത്തെ സ്തുതിക്കുവാൻ പഠിപ്പിച്ചു കൊടുക്കണം.

മുതിർന്ന ക്രിസ്തീയ വിശ്വാസികൾ ഓരോ ദിവസവും കിടക്കയിൽ നിന്നും എണീക്കുമ്പോൾ ആ ദിവസത്തെ ജന്മനാളായി കരുതി കർത്താവ് നൽകിയ ആയുസ്സിനു വേണ്ടിയും പുതിയനാളിനുവേണ്ടിയും ലഭിച്ച ആരോഗ്യത്തിനുവേണ്ടി ദൈവത്തെ സ്തുതിച്ച് സന്തോഷിക്കണം. രാത്രി കിടന്ന് ഉറങ്ങിയ എത്രയോ പേർ ഉറക്കത്തിൽ തന്നെ മരണപ്പെട്ടിരിക്കുന്നു. പക്ഷേ, നമുക്കോ ദൈവം ഓരോ ദിവസത്തേയും കൃപയോടെ ദാനമായി നൽകിയിരിക്കുന്നു. മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട വിശ്വാസികൾ ഓരോ ദിവസവും കൃപാദിവസമായി ദൈവത്തെ സ്തുതിക്കണം.

**ചോദ്യം :-** ഡോക്ടർ ഓൺലൈനിൽ യു ട്യൂബ് വഴിയായി വരുന്ന ക്രിസ്തീയ പ്രസംഗങ്ങളെ കേൾക്കാറുണ്ടോ?

**ഉത്തരം :-** സുവിശേഷ പ്രസംഗകരിൽ ഞാൻ മാത്രമാണ് മൊബൈൽ ഫോൺ കയ്യിൽ കൊണ്ടു നടക്കാത്തത്. മൊബൈൽ ഫോൺ എന്റെ സ്വകാര്യത (Privacy) നഷ്ടപ്പെടുത്തുന്നു. തനിയെ ആയിരിക്കുമ്പോൾ വേദപുസ്തകത്തിലെ വചനങ്ങളുടെ ആഴമേറിയ സത്യങ്ങളെ എപ്പോഴും തേടും ചിന്തിക്കും. അങ്ങനെ ചിന്തിക്കുമ്പോൾ എനിക്കു ലഭിക്കുന്ന വചനത്തിന്റെ പൊരുൾ എന്റെ മാസികയിൽ എഴുതുവാനുള്ള പ്രത്യേക വിഷയങ്ങൾ, എന്റെ മനസ്സിൽ ഉദിക്കുമ്പോൾ തന്നെ എന്റെ കയ്യിലുള്ള കടലാസിൽ കുറിച്ചു വയ്ക്കും. എന്റെ കിടക്കറയിൽ തലയണയുടെ അടിയിൽ ഒരു പേനയും പേപ്പറും എപ്പോഴും കരുതിവയ്ക്കും. മനസ്സിൽ തോന്നുന്ന സന്ദേശങ്ങളിലെ പ്രധാന ആശയങ്ങൾ ഉടനെ തന്നെ ലൈറ്റിട്ട്, പേപ്പറിൽ എഴുതി വയ്ക്കും. അതുകൊണ്ടാണ്, ലൈറ്റിടുവാൻ പാകത്തിൽ ഒരു സ്വിച്ച് കയ്യകലത്തിൽ വച്ചിട്ടുണ്ട്. ഇല്ലെങ്കിൽ,

പ്രസംഗത്തിന്റെ പോയിന്റുകൾ അടുത്ത ദിവസം എണീക്കുമ്പോൾ മറന്നുപോയിരിക്കും. ഇത് എന്റെ സൗകര്യത്തിനായി വർഷങ്ങൾക്കുമുമ്പേ എന്റെ ഭവനത്തിൽ ചെയ്ത് ഏർപ്പാടാക്കുന്നു. ഇപ്പോൾ എന്റെ കയ്യിലുള്ള മൊബൈൽ നമ്പർ 9894261333. ഇത് എന്റെ ഭാര്യയുടെ ഫോണാണ്. ഇതാണ് ഞാൻ ഇപ്പോൾ കയ്യിൽ വച്ചിരിക്കുന്നത്. ഇതിൽ Incoming - Outgoing calls മാത്രമേ ഉപയോഗിക്കുവാൻ അറിയാവൂ. വാട്സ്ആപ്പോ, യു ട്യൂബോ മൊബൈൽ ഫോണിൽ ഉപയോഗിക്കുവാൻ എനിക്ക് അറിയില്ല, അതിനൊട്ടു സമയവും ഇല്ല.

മൊബൈൽ ഫോണിൽ വാട്സ് ആപ്പോ, യു ട്യൂബോ ഉപയോഗിക്കുവാൻ കഴിഞ്ഞാൽ പിന്നെ എപ്പോഴും അത് കാണുവാനുള്ള ആഗ്രഹം ഉണ്ടായിക്കൊണ്ടിരിക്കും. പൊതുസ്ഥലങ്ങളിൽ ധാരാളം പേർ നടക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും ബസ്സിനുവേണ്ടി കാത്തിരിക്കുമ്പോഴും ഓരോരുത്തരും വറുത്ത കപ്പലണ്ടിയുടെ തോലെടുക്കുന്നതുപോലെ രണ്ടു വിരലുകൾ കൊണ്ട് ഞെക്കിക്കൊണ്ടിരിക്കുന്നവരെ നിങ്ങൾ കണ്ടിരിക്കുമല്ലോ. അത് എനിക്ക് ഇഷ്ടമില്ല.

മൊബൈലിൽ അങ്ങനെ ഞെക്കിക്കൊണ്ടിരിക്കുമ്പോൾ കാണാൻ പാടില്ലാത്ത പലതും കാണും. അത് സമയം പോകുവാൻ വളരെ നല്ലതാണെന്ന് തോന്നും. രാഷ്ട്രീയം, സിനിമ തുടങ്ങി ആകർഷകമായ പലതും അതിൽ ഉണ്ടാകും. ഒരു പ്രാവശ്യം അതിൽ ലയിച്ചു പോയാൽ പിന്നെ കൂടെക്കൂടെ കാണുവാൻ തോന്നും. അത് നമ്മുടെ വിലയേറിയ സമയത്തെ നഷ്ടപ്പെടുത്തുന്നു. പിന്നെ, നാം അതിന് അടിമയായിപ്പോകും. ഇതുപോലെയുള്ള കാരണങ്ങളാൽ ഞാൻ യു ട്യൂബ് തുറന്നു നോക്കുവാൻ ഭയപ്പെടുന്നു. നിങ്ങൾ ചോദിച്ചതുപോലെ, യൂ ട്യൂബിൽ ധാരാളം ക്രിസ്തീയ സന്ദേശങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അതിൽ വ്യാജസാക്ഷ്യങ്ങളെ പറയിപ്പിച്ച് ദൈവവേലയ്ക്ക് പണം സമ്പാദിക്കുന്ന കള്ള പ്രവാചകന്മാരെ കാണുന്നു. ഈ കൊറോണ ലോക്ഡൗൺ സമയത്ത് യു ട്യൂബ്

പ്രസംഗിമാർ, ഉറുമ്പുപോലെ വർദ്ധിച്ചുകൊണ്ടു വരുന്നു. പള്ളിയിൽ പോകുവാൻ കഴിയാത്ത കൊറോണ സമയങ്ങളിൽ വിവിധങ്ങളായ കള്ള ഉപദേശ ആരാധനകൾ ധാരാളമായി വർദ്ധിച്ചു. നമ്മുടെ സഭകളിൽ പ്രസംഗിക്കുന്ന അച്ചൻമാരേക്കാൾ നല്ല പ്രസംഗങ്ങൾ ഇവരുടെ ആരാധനകളിൽ കേൾക്കുവാൻ സാധിക്കും. ഈ തെറ്റായ ഉപദേശങ്ങൾ ഉള്ള ആരാധനകളിൽ ആകർഷിക്കപ്പെട്ട് അനേകർ വഴിതെറ്റിപ്പോകുന്നു. ഇങ്ങനെ യു ട്യൂബ് വഴിയായ സന്ദേശങ്ങൾ കേൾക്കുന്ന ബഹുഭൂരിപക്ഷം ക്രിസ്ത്യാനികലും വേദപുസ്തകം വായിക്കാത്ത ക്രിസ്ത്യാനികൾ ആയിരിക്കും. ഇങ്ങനെ ഉള്ളവരാണ് തെറ്റായ ഉപദേശം പറഞ്ഞുകൊടുക്കുന്ന യു ട്യൂബ് പ്രസംഗകരുടെ വലയിൽ അകപ്പെട്ടു പോകുന്നത്. ഇതിൽ സ്ത്രീകളാണ് കൂടുതലായിട്ടും വീണുപോകുന്നത്. ഇയർ ഫോൺ ഉപയോഗിച്ച് ചെവികൾ രണ്ടും അടച്ചു പിടിച്ച് പ്രസംഗങ്ങൾ കേട്ടുകൊണ്ട്, അടുക്കള ജോലിയും ചെയ്യാതെ ഇങ്ങനെയുള്ള വ്യാജസന്ദേശങ്ങൾക്ക് അടിമപ്പെട്ടുപോകുന്നു. കുഞ്ഞുങ്ങൾ വീഡിയോ ഗെയിമിന് അടിമപ്പെടുന്നു. അപ്പൻ ജോലി സംബന്ധമായി ലാപ്ടോപ് ഉപയോഗിച്ചുകൊണ്ട് മറ്റൊരു മുറിയിൽ കഴിയുന്നു. ഇങ്ങനെ കുടുംബം മുഴുവനും ആഹാരം കഴിക്കുവാൻ പോലും മറക്കുന്ന സ്ഥിതിയിൽ മൊബൈലിൽ മുഴുകി കിടക്കുന്നു.

ചില സ്ത്രീകൾ രാത്രിയിൽ കിടക്കുമ്പോൾ ഇയർ ഫോൺ ചെവിയിൽ വച്ച് മൊബൈലിലുള്ള പ്രസംഗങ്ങൾ കേട്ടുകൊണ്ട് ഉറങ്ങിപ്പോകുന്നു. ഉണരുമ്പോഴാണ് ചെവിയിൽ നിന്നും ആ നോബ് പുറത്തെടുക്കുന്നത്.

ക്രിസ്ത്യാനികൾ വളരെ സൂക്ഷിക്കണം. യു ട്യൂബ് വഴിയായിട്ടു വരുന്ന, വചനാടിസ്ഥാനത്തിൽ അല്ലാത്ത തെറ്റായ സന്ദേശങ്ങൾ നിങ്ങളുടെ ആത്മീയ ജീവിതത്തെ നശിപ്പിക്കും. കുടുംബ സന്തോഷത്തെ നശിപ്പിക്കും. യു ട്യൂബിൽ സന്ദേശങ്ങൾ കേൾക്കുന്നത് തെറ്റല്ല. ഒന്നോ അല്ലെങ്കിൽ

രണ്ടോ ബൈബിൾ പഠനം കേട്ടിട്ട് അതോടെ മൊബൈൽ ഓഫ് ചെയ്തിട്ട്, കേട്ട സന്ദേശം അഥവാ വചനം അത് ഉൾക്കൊള്ളുവാനും ജീവിതത്തിൽ നടപ്പിലാക്കുവാനും അഭ്യസിക്കണം. കൂടുതൽ സന്ദേശങ്ങൾ കേൾക്കുന്നത് ശീലമായാൽ അതു തന്നെ നിങ്ങൾക്ക് ദഹനക്കേടായി മാറും.

**ചോദ്യം :-** ഓൺലൈൻ അല്ലെങ്കിൽ സൂം വഴിയായി അല്ലെങ്കിൽ യു ട്യൂബ് വഴിയായി നടക്കുന്ന തിരുവത്താഴത്തിൽ നാം പങ്കുകൊള്ളാമോ?

**ഉത്തരം :-** യു ട്യൂബ് വഴിയായി കാണുന്ന ആരാധനയിൽ നടത്തുന്ന തിരുവത്താഴത്തിൽ പങ്കുകൊള്ളുന്നതു ശരിയല്ല. പക്ഷേ, ആരാധനയിൽ പങ്കുകൊള്ളുന്നതിൽ തെറ്റില്ല. ഞങ്ങളുടെ ഭവനത്തിൽ ഞാനും എന്റെ ഭാര്യയും ഓൺലൈൻ വഴിയാണ് ആരാധനയിൽ പങ്കുകൊള്ളുന്നത്. യു ട്യൂബ് വഴിയായി പങ്കുകൊള്ളുന്ന തിരുവത്താഴം, നമ്മുടെ ദൈവം നമുക്കു പഠിപ്പിച്ചു തന്ന തിരുവത്താഴ ഉദ്ദേശത്തെ നശിപ്പിക്കും. ഓൺലൈനിൽ നിങ്ങൾ, പാസ്റ്റർ അപ്പം നുറുക്കിക്കൊടുക്കുന്നതും വീഞ്ഞ് കുടിക്കുന്നതും ഒരു സിനിമയിൽ കാണുന്നതുപോലെ കാണും. തിരുവത്താഴം ഒരു ചടങ്ങല്ല. അത് ഒരു സാക്രമന്താണ്. യഥാർത്ഥ വിശ്വാസികളോട് ചേർന്ന്, ഭയഭക്തിയോടെ, ദൈവീക സാന്നിധ്യത്തിൽ ഒന്നുചേർന്ന് കൈക്കൊള്ളേണ്ട ഒരു പ്രധാന അനുഷ്ഠാനമാണ്. ഇപ്പോഴുള്ള കൊറോണ പ്രത്യേക സാഹചര്യത്തിൽ ആരാധനയ്ക്കുവേണ്ടി ആരാധനാലയങ്ങളിൽ പോകുവാനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ട് ആരാധനയിൽ മാത്രം ഓൺലൈൻ വഴി പങ്കുകൊള്ളുന്നതിൽ തെറ്റില്ല. എല്ലാറ്റിനും ഒരു അവസാനം ഉണ്ട്. വളരെ വേഗത്തിൽ ദൈവകോപം മാറി, ആരാധനാലയങ്ങളിൽ പോയി ദൈവത്തെ ആരാധിക്കുവാനും വിശുദ്ധ മേശയിൽ (തിരുവത്താഴം) പങ്കുകൊള്ളുവാനും ദൈവകൃപ ലഭിക്കുമാറാകട്ടെ.

**ചോദ്യം :-** നലുമാവിഡിയിലെ സഹോ. മോഹൽ സി. ലാസറസ് അവർകൾ നടത്തിവരുന്ന നവീന പ്രാർത്ഥന ഉപദേശത്തെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

**ഉത്തരം :-** തമിഴ്നാട്ടിൽ സഹോ. ഡി.ജി.എസ്. ദിനകരനുശേഷം മകൻ പോൾ ദിനകരന്റെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതോടെ ജനമെല്ലാം യേശു വിളിക്കുന്നു ശുശ്രൂഷയെ ഉപേക്ഷിച്ച് നലുമാവഡിയിലെ സഹോ. മോഹൻ സി. ലാസറസിന്റെ യേശു വിടുവിക്കുന്നു ശുശ്രൂഷയെ തേടിപ്പോകുന്നു. കേരളത്തിലും ഹാർവെസ്റ്റ് ടി.വി. ചാനൽ വഴിയായും ഇദ്ദേഹം കേരളത്തിൽ ചുവട് ഉറപ്പിച്ചിരിക്കുന്നു. സഹോ. മോഹൻ സി. ലാസറസിന്റെ ആരംഭകാല ശുശ്രൂഷ വളരെ നല്ലതായിരുന്നു. സഹോ. ദിനകരൻ നടത്തിയ 15 ദിവസത്തെ വേദപരിശീന ക്യാമ്പിൽ പങ്കെടുത്തശേഷം സഹോ. മോഹൻ സി. സാറസിന്റെ യഥാർത്ഥ ദൈവവേല, പ്രാർത്ഥനയിൽ പേരുവിളിക്കുന്ന ദൈവവേലയായി മാറി. സഹോ. ദിനകരന്റെ പ്രാർത്ഥനാ ശൈലിയെ സഹോ. മോഹൻ സി. ലാസറസും അനുകരിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ആശ്വാസപ്രസംഗം ജനങ്ങളെ ആകർഷിക്കുവാൻ തുടങ്ങി. പുതിയ ദൈവവേലയായി, ഓരോ സ്ഥലങ്ങളിലും സാത്താനെ വിരട്ടുന്ന Prayer Walk എന്ന പുതിയരീതി എല്ലാവരേയും ആകർഷിച്ചു. അതിനായി ചില എ.സി. ബസുകൾ വാങ്ങി തമിഴ്നാട്ടിൽ ഹൈന്ദവക്ഷേത്രങ്ങൾ നിറഞ്ഞ ഓരോ സ്ഥലങ്ങളിലും കടന്നുചെന്ന് നടന്നുകൊണ്ടേ പിശാചിനെ തുരത്തുന്ന പ്രാർത്ഥനകൾ നടത്തി, അതിലൂടെ ജനങ്ങളിൽ നിന്നും ധാരാളം സാമ്പത്തിക സഹായങ്ങൾ നേടി. ഉടനെ തന്നെ ആർ.എസ്.എസ്. തുടങ്ങി ഹൈന്ദവ തീവ്രവാദികൾ അദ്ദേഹത്തിനെതിരായി 18 കേസുകൾ രജിസ്റ്റർ ചെയ്തു. തങ്ങളുടെ ദൈവങ്ങളെ പിശാച് എന്നു വിളിച്ച് അപമാനിച്ചുവെന്നും പറഞ്ഞാണ് കേസ് കൊടുത്തത്. ഈ കേസുകൾ കോടതിയിൽ എത്തിയപ്പോൾ, അദ്ദേഹം കോടതിയിൽ ചെന്ന് മാപ്പ് പറഞ്ഞു. എന്നാൽ, മാപ്പ് എഴുതി നൽകുവാൻ ജഡ്ജി ആവശ്യപ്പെട്ടതിൻപ്രകാരം, ഞാൻ ഇനി ഹിന്ദു ദൈവങ്ങളെ അപമാനിക്കുകയില്ലായെന്നും, എന്റെ പ്രസംഗങ്ങളിൽ പോലും ഹിന്ദു ദൈവങ്ങളെ ആക്ഷേപിക്കുകയോ

പരാമർശിക്കുകയോ ചെയ്യുകയില്ലായെന്ന് രേഖാമൂലം മാപ്പെഴുതി കൊടുത്താണ് ഒടുവിൽ ഈ കേസുകളിൽ നിന്നും തല ഊരിയായത്.

കൊറോണ ലോക്ഡൗൺ സമയത്ത് നാട്ടിലുള്ള എല്ലാവർക്കും പുറത്തൊന്നും ഇറങ്ങാതെ ഭവനങ്ങളിൽ തന്നെ കഴിയുവാനുള്ള അവസ്ഥ ഉണ്ടായി. സത്യം ടി.വി. ചാനലിൽ ഇദ്ദേഹവും ഒരു പങ്കുകാരനാണ്. അതുകൊണ്ട്, എല്ലാ ദിവസവും മൂന്നു നേരവും ഇദ്ദേഹത്തിന്റെ പരിപാടികൾ സത്യം ടി.വി.യിൽക്കൂടി ജനങ്ങൾ കാണേണ്ടി വന്നു. ആ സമയങ്ങളിൽ എല്ലാ സഭാവിഭാഗക്കാരും ഹൈന്ദവരും ഈ സത്യം ടി.വി. പ്രോഗ്രാമുകൾ കണ്ടുകൊണ്ടിരുന്നു. ആ അവസരത്തെ ഇദ്ദേഹം ശരിക്കും മുതലെടുത്തു. ധാരാളം പണം ജനങ്ങൾ ഇദ്ദേഹത്തിന് വാരിക്കോരി കൊടുത്തു. പണം വർദ്ധിച്ചപ്പോൾ സഹോ. ദിനകരൻ **കാരുണ്യ യൂണിവേഴ്സിറ്റി** എന്ന വ്യവസായ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയതുപോലെ സഹോ. മോഹൻ സി. ലാസറസ് **സൂപ്പർ സ്പെഷ്യാലിറ്റി** ഹോസ്പിറ്റൽ തുടങ്ങി.

ഇങ്ങനെ പല പുതിയ കബളിപ്പിക്കൽ പരിപാടികളും സത്യം ടി.വി. യിൽക്കൂടി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കൂടാതെ, പ്രാർത്ഥനയെക്കുറിച്ച് ചില നവീന ഉപദേശങ്ങൾ പറയുവാൻ തുടങ്ങി. തന്റെ ജീവിതത്തിൽ എപ്പോൾ താൻ പ്രാർത്ഥിക്കുവാനായി ഇരുന്നാലും യേശുക്രിസ്തുവിനെ കാണാതെ ഞാൻ പ്രാർത്ഥന തുടങ്ങാറില്ല. അങ്ങനെ വാശിയോടെ ഇരുന്നതുകൊണ്ട് ദൈവം കൃപയായി നേരിട്ടു വന്ന് എന്റെ മുമ്പിൽ നിൽക്കും. പിന്നെയാണ്, ഞാൻ മുഖാമുഖമായി എന്റെ പ്രാർത്ഥനാ വിഷയങ്ങളെ പറയും. അതേ, അനുഭവം ഈ യോഗങ്ങളിൽ പങ്കെടുക്കുന്ന നിങ്ങൾ ഓരോരുത്തർക്കും ലഭിക്കും. അതുപോലെ തന്നെ ഭവനങ്ങളിൽ ഇരുന്നുകൊണ്ട് ഈ ടി.വി. പ്രോഗ്രാം കാണുന്ന എല്ലാവരും യേശു ക്രിസ്തുവിനെ മുഖാമുഖമായി കാണും, അത് ഉറപ്പാണ്. ഇപ്പോൾ ഞാൻ പ്രാർത്ഥിക്കുവാൻ പോകുന്നു, നിങ്ങളും എന്നോടൊപ്പം ചേർന്നു

പ്രാർത്ഥിക്കണം. യേശുവേ, നിന്റെ മുഖത്തെ നേരിട്ടു കാണാതെ പ്രാർത്ഥനാവിഷയം നിന്നോടു പറയുന്നില്ല എന്നു പറയുക. അപ്പോൾ തന്നെ, ഞാൻ കണ്ടതുപോലെ നിങ്ങളും യേശുവിനെ മുഖാമുഖം കാണും. അങ്ങനെ കണ്ടവർ, ഈ പ്രാർത്ഥനായോഗം കഴിഞ്ഞയുടൻ സ്റ്റേജിൽ വന്ന് സാക്ഷി പറയണം. ഇദ്ദേഹം പറഞ്ഞത് വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ശരിയാണോ എന്ന് വേദപുസ്തകം തുറന്നു നോക്കണം.

യേശുക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർക്കും മറ്റു 500 പേർക്കും മുഖാമുഖമായി തന്നെ കാണിച്ച് സ്വർഗ്ഗാരോഹണം ചെയ്തു. അതിനുശേഷം ഇന്നേദിവസം വരെ യേശുക്രിസ്തുവിനെ ആരും മുഖാമുഖമായി കണ്ടിട്ടില്ല. ശിഷ്യൻമാർ കണ്ടിട്ടില്ല. പുതിയ നിയമത്തിൽ യേശുക്രിസ്തുവിനെ മുഖാമുഖമായി കണ്ടതായി ഒരിടത്തും രേഖപ്പെടുത്തിയിട്ടുമില്ല. പൗലോസ് അപ്പൊസ്തലൻമാത്രം, താൻ ജ്ഞാനദൃഷ്ടിയിൽ യേശുവിനെ മുഖാമുഖമായി കണ്ടുവെന്നും ദർശനത്തിൽക്കൂടി യേശുവിനെ മുഖാമുഖമായി കണ്ടുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ വേദപുസ്തകം നമ്മെ പഠിപ്പിക്കുമ്പോൾ, സഹോ. മോഹൻ സി. ലാസറസ് ഏതു മുഖത്തെയാണ് കണ്ടത്. പൗലോസ് അപ്പൊസ്തലൻ മറ്റൊരു യേശു എന്നും മറ്റൊരു സുവിശേഷം എന്നും സൂചിപ്പിക്കുന്നു. എന്നാൽ നമുക്കു വേണ്ടി ക്രൂശിക്കപ്പെട്ട യേശു അല്ലാതെ മറ്റൊരു യേശു ഉണ്ടു. വേദപുസ്തകത്തിൽ പറയുന്ന യേശു ക്രിസ്തുവിന്റെ സുവിശേഷം അല്ലാതെ മറ്റൊരു സുവിശേഷം ഉണ്ട്. അതിനെയാണ് ഈ കള്ള ദൈവവേലക്കാർ വചനം അറിയാത്ത ക്രിസ്ത്യാനികൾക്ക് മറ്റൊരു യേശുവിനെയും മറ്റൊരു സുവിശേഷത്തേയും കാണിക്കുന്നു. വിശ്വാസികൾ വളരെ ജാഗ്രതയോടെ ആയിരിക്കണം. ക്രിസ്ത്യാനികൾ ആരും വഞ്ചിക്കപ്പെടരുത്.

അതുപോലെ തന്നെ ഈ അടുത്ത കാലത്ത് സഹോ. മോഹൻ സി. ലാസറസ് അവർകൾ സത്യം ടി.വി. മുഖേന ഒരു പുതിയ പ്രാർത്ഥനയും




കാണിച്ചു കൊടുക്കുന്നു. താൻ എപ്പോൾ പ്രാർത്ഥിച്ചാലും സാഷ്ടാംഗം കമിഴ്ന്നു വീണു പ്രാർത്ഥിക്കുന്നത് പതിവാണ് എന്നു പറയുന്നു. പഴയനിയമ ഭക്തൻമാർ എല്ലാവരും സാഷ്ടാംഗം വീണു പ്രാർത്ഥിച്ചാണ് പല ജയങ്ങളും അവർക്ക് ലഭിച്ചത് എന്നു പറയുന്നത്, ഇപ്പോൾ നമുക്ക് പ്രാർത്ഥിക്കാം എന്നു പറഞ്ഞ് സ്റ്റേജിൽ വച്ച് സാഷ്ടാംഗം കമിഴ്ന്നു വീഴ്ന്ന് താഴെ നിങ്ങൾ പടത്തിൽ കാണുന്നതുപോലെ പൊട്ടിക്കരഞ്ഞ് പ്രാർത്ഥിച്ചത്. ഞങ്ങൾ എല്ലാവരും കണ്ട് ഞെട്ടിപ്പോയി. യോഗയിൽക്കൂടി പഠിപ്പിക്കുന്നതുപോലെ സർവ്വാംഗ നമസ്കാരം ചെയ്യുന്നതുപോലെയാണ് ഈ പ്രാർത്ഥന. അത് സർവ്വ അംഗവും നിലത്ത് വീണു യോഗയിൽ നമസ്കാരം ചെയ്യുന്നത് ചിലരെങ്കിലും കണ്ടിരിക്കും. ഇതു കണ്ടിട്ട് പല പെന്തെക്കോസ്ത് പാസ്റ്റർമാരും എന്നെ ഫോണിൽ വിളിച്ചിട്ട് ഇതുപോലെയുള്ള പ്രാർത്ഥന ഞങ്ങളെക്കൊണ്ട് ചെയ്യുവാൻ കഴിയുകയില്ല. ഞങ്ങളുടെ സഭക്കാരെയും അങ്ങനെ ചെയ്യുവാൻ പഠിപ്പിക്കുന്നുമില്ല എന്നു പറഞ്ഞു. അന്നത്തെക്കാലത്ത് പെന്തെക്കോസ്ത് പാസ്റ്റർമാർ ജൂബ്ബയും മുണ്ടും ഉടുത്തിരുന്നു. പക്ഷേ, ഇപ്പോഴുള്ള പാസ്റ്റർമാർക്ക് ഇങ്ങനെയുള്ള വേഷങ്ങൾ ഇഷ്ടമില്ല. ഇപ്പോഴുള്ള പാസ്റ്റർമാർ എല്ലാവരും കോട്ടും സ്യൂട്ടും ടൈയും ഉപയോഗിക്കുവാനാണ് ആഗ്രഹിക്കുന്നത്. ചില പാസ്റ്റർമാർ സഫാരിസ്യൂട്ട് ആണ് ഉപയോഗിക്കുന്നത്. ഇങ്ങനെയുള്ള പാസ്റ്റർമാർ എല്ലാവരുടെയും വയറ് ചില പോലീസുകാരുടെ കുടവയർ പോലെയാണ്.

ഇങ്ങനെയുള്ള വേഷം ധരിച്ചുകൊണ്ട് സാഷ്ടാംഗം വീണു നമസ്ക്കരിച്ചാൽ പാസ്റ്ററെ നിവർത്തുവാൻ വേറെ നാലുപേരെ ആവശ്യമായി വരും. ഇതു പോലെയുള്ള പുതിയ ഉപദേശങ്ങളെ ജനങ്ങളുടെയിടയിൽ പ്രവചരിപ്പിക്കുന്നത് കള്ള ഉപദേശങ്ങൾ ആകുന്നു. ഈ ഉപദേശങ്ങൾ പറഞ്ഞശേഷം പല ദിവസങ്ങൾ തുടർച്ചയായി പ്രാർത്ഥനായോഗങ്ങൾ ഇദ്ദേഹം നടത്തി. ആ പ്രാർത്ഥനകളിൽ കമിഴ്ന്നുകിടന്നു പ്രാർത്ഥിച്ചിട്ടേയില്ല. ഇദ്ദേഹം ദൈവവേല തുടങ്ങി ഇന്നുവരെ കമഴ്ന്നു വീണു പ്രാർത്ഥിച്ചത് ആരും കണ്ടിട്ടുമില്ല. ഇതു വായിക്കുന്ന വിശ്വാസികൾ വളരെ ജാഗ്രതയോടെ ആയിരിക്കണം. പഴയനിയമകാലത്തിൽ, അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് ഇവരാരും സാഷ്ടാംഗം വീണു നമസ്കരിച്ചിട്ടില്ല. പക്ഷേ, ദൈവത്തിന്റെ ശബ്ദം കേട്ടപ്പോൾ, ദൈവദൂതനെ കണ്ടപ്പോൾ സാഷ്ടാംഗം കമിഴ്ന്നു വീണു നമസ്കരിച്ചുവെന്ന് പഴയനിയമത്തിൽ നാം കാണുന്നു. പക്ഷേ, മോഹൻ സി. ലാസറസ് പറയുന്നതുപോലെ ആരും പ്രാർത്ഥിച്ചിട്ടില്ല. കേരളത്തിലുള്ള എല്ലാ വിശ്വാസികൾക്കും ഒരു മുന്നറിയിപ്പായി ഞാൻ ഇതു എഴുതുന്നു. പലവിധമായ അത്ഭുതങ്ങൾ ചെയ്യുന്നവരായി, പ്രവചനങ്ങൾ പറയുന്നവരായി, ഭൂതങ്ങളെ പുറത്താക്കുന്നവരായി, പ്രാർത്ഥനയിൽ പേരുവിളിക്കുന്ന വരായി അനേകം കള്ള ദൈവവേലക്കാർ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേയ്ക്കു വന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ തന്നെ ടി.വി.യിലും യോഗങ്ങളിലും മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രവർത്തിക്കുന്ന അച്ചൻമാർ, അങ്കമാലി പോട്ട ധ്യാനകേന്ദ്രത്തിൽ നിന്നും കേളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും റ്റി.വി. യിൽക്കൂടിയും യോഗങ്ങളിൽക്കൂടിയും പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. ജാഗ്രത. അങ്ങനെയുള്ള എല്ലാ ദൈവവേലക്കാരെയും വചനത്തോടു താരതമ്യപ്പെടുത്തി നിങ്ങളുടെ ആത്മാവിനെ സൂക്ഷിച്ചു കൊൾവിൻ.

**ചോദ്യം :-** ത്രിയേക ദൈവത്തെക്കുറിച്ച് ധാരാളം പ്രസംഗകർ വിവിധങ്ങളായ വ്യാഖ്യാനങ്ങൾ പറയുന്നുണ്ട്. താങ്കൾ അതെക്കുറിച്ച് എഴുതാത്തത് എന്ത്? താങ്കളുടെ വിശ്വാസം എന്താണ്?

**ഉത്തരം :-** ത്രിയേക ദൈവത്തെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ ജാമക്കാരനിൽ ഞാൻ എഴുതിയിട്ടുണ്ട്. താങ്കൾ പുതിയതായി ജാമക്കാരൻ വായിക്കുന്നവരായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള എന്റെ വിശ്വാസം സഭയിൽ ആഴ്ചതോറും പറയുന്ന **അപ്പൊസ്തലവിശ്വാസ പ്രമാണത്തിൽ** എഴുതിയിട്ടുള്ളതാണ്. ന്യായവിധി കഴിഞ്ഞ് നാം സ്വർഗ്ഗത്തിലേയ്ക്ക് എത്തുന്നതുവരെ പിതാ – പുത്രൻ – പരിശുദ്ധാത്മാവ് എന്നിങ്ങനെ ത്രിയേക ദൈവമായി, അവന്റെ മക്കളായ നമുക്കുവേണ്ടി ഈ ഭൂമിയിൽ പ്രവർത്തിക്കുന്നു. ഭൂമി നശിച്ചുപോയി, പുതിയ ആകാശം പുതിയ ഭൂമി അവയെല്ലാം നീങ്ങിപ്പോയി, വിശ്വാസികളായ നാം സ്വർഗ്ഗത്തിൽ എത്തിച്ചേർന്ന ഉടൻ നാം ആരാധിക്കുന്ന ത്രിയേക ദൈവം, ഏകദൈവമായി ഏകനായി പ്രവർത്തിക്കും എന്നത് എന്റെ ഊഹം ആകുന്നു. എന്റെ ഊഹത്തിന് വചനത്തിന്റെ അടിസ്ഥാനത്തിലുള്ള തെളിവ് പ്രതീക്ഷിക്കണ്ട. ന്യായവിധിയിൽ നാം പാസ്സായിക്കഴിഞ്ഞാൽ മതി. അതിനുശേഷം നാം എങ്ങനെ ആയിരിക്കും എന്നുള്ളത് എനിക്കറിയത്തില്ല എന്ന് പൗലോസ് അപ്പൊസ്തലൻ തന്നെ പറഞ്ഞിട്ടുണ്ട്. അതു തന്നെയാണ് എന്റെയും മറുപടി. എന്റെ അറിവ് ഈ വിഷയത്തിൽ ഇത്രമാത്രം തന്നെ.

**ചോദ്യം :-** ഡോക്ടറായ താങ്കൾ പെന്തെക്കോസ്ത് സഭകളെ വെറുക്കുന്നില്ല എന്നു ഞങ്ങൾക്ക് അറിയാം. പക്ഷെ, നല്ല **പെന്തെക്കോസ്ത് സഭ** അല്ലെങ്കിൽ നല്ല ദൈവവേലക്കാർ ആരാണ് എന്ന് എങ്ങനെ കണ്ടുപിടിക്കും?

**ഉത്തരം :-** നല്ല പെന്തെക്കോസ്ത് സഭ എന്ന് ഞാൻ എവിടെയും പറഞ്ഞിട്ടില്ല. **ശരിയായ** പെന്തക്കോസ്ത് സഭ എന്നു പറയുന്നതാകും ശരി. ശരിയായ എന്നു പറഞ്ഞാൽ, വേദവചനത്തിന്റെ അർത്ഥത്തെ ശരിയ്ക്കും മനസ്സിലാക്കിക്കൊണ്ട് ഒരു വചനത്തെ മറ്റൊരു വചനത്തോട് താരതമ്യം ചെയ്ത്, ആ വചനത്തെ പ്രവൃത്തിയിൽ കൈക്കൊള്ളുന്ന

സഭ തന്നെയാണ് ശരിയായ സഭ. അപ്പൊ. 2:42 –ൽ പറയുന്നതുപോലെ

(1) അപ്പൊസ്തല ഉപദേശം

(2) കൂട്ടായ്മ ആചരിക്കുന്നത്

(3) അപ്പം നുറുക്കുന്നത്

(4) പ്രാർത്ഥന കഴിഞ്ഞ് പോകുന്നത്. അപ്പൊസ്തലൻമാർ ആചരിച്ച ഈ നാലു അടിസ്ഥാന ഉപദേശം ഏതു സഭയിലുണ്ടോ അതാണ് ശരിയായ സഭ.

ഇതിൽ കുഴപ്പം വരുന്നത് അന്യഭാഷ സംസാരിക്കുന്നതിലാണ്. യെശ. 28:11,12 വചനങ്ങളിൽ ഇപ്രകാരം പറയുന്നു, "വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോടു സംസാരിക്കും. ഇതാകുന്നു സ്വസ്ഥത; ക്ഷീണിച്ചിരിക്കുന്നവനു സ്വസ്ഥത കൊടുപ്പിൻ; ഇതാകുന്നു വിശ്രമം എന്ന് അവൻ അവരോടു അരുളി ചെയ്തു എങ്കിലും കേൾപ്പാൻ അവർക്കു മനസ്സില്ലായിരുന്നു" എഴുതപ്പെട്ട ഈ വചനത്തെ അപ്പൊ. 2–ാം അദ്ധ്യായത്തിൽ, ശിഷ്യൻമാർ സംസാരിച്ച **പല പല ഭാഷകളെ** (അന്യഭാഷ) യെശയ്യാവിൽ പറയുന്ന **അന്യഭാഷ**യോടു താരതമ്യപ്പെടുത്തി, ഈ ഭാഷയാണ് ഇപ്പോൾ ഞങ്ങൾ സംസാരിക്കുന്നത് എന്ന് ഇവർ പറയുന്നു. ഇങ്ങനെ യെശ. 28 –ൽ പറയുന്ന അന്യഭാഷയോടു താങ്കൾ സംസാരിക്കുന്ന അന്യഭാഷയും ഒന്നു തന്നെയാണെന്ന് പറയുന്ന സഭയോ ദൈവവേലക്കാരനോ ശരിയായ സഭയോ ശരിയായ ദൈവവേലക്കാരനോ അല്ല. ഇപ്പോഴുള്ള ഭൂരിപക്ഷം പെന്തക്കോസ്തു സഭകളും റ്റി.വി. യിൽക്കൂടി അന്യഭാഷ സംസാരിക്കുന്ന പ്രസംഗകർ ഒന്നും വേദപുസ്തകം പറയുന്ന അന്യഭാഷ അല്ല. യെശ. 28:11, 12 വചനങ്ങൾ, പ്രവചന വചനങ്ങൾ ആയതുകൊണ്ട് അത് യിസ്രായേലിനു മുന്നറിയിപ്പു നൽകുന്ന പ്രവചനമാണ്. ഈ വചനത്തെക്കുറിച്ച് ആര് ശരിയായ വ്യാഖ്യാനം പറയുന്നുണ്ടോ. അവരാണ് ശരിയായ ദൈവവേലക്കാർ. ആ വചനത്തിന് ശരിയായ അർത്ഥം പറയുന്ന സഭയാണ് **ശരിയായ സഭ** എന്നു നമുക്കു വിശ്വസിക്കാം.

**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN**
**(FORM IV)**

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street, Old Suramangalam, Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam. Salem-636005 |

I, **Dr. M.G.E.PUSHPARAJ** *hereby declare that the particulars given above are true to the best of my knowledge and belief.*

Dated : 1- 4-2022
Salem - 636 005

**(Sd.) Dr. M.G.E.PUSHPARAJ**
*Signature of Publisher & Editor*

**MARCH - 2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.